ഏഴാം പദ്ധതിയിൽ തുടങ്ങുന്ന എഞ്ചിനീയറിംഗ് കോളേജുകൾക്ക് വേണ്ടിവരുന്ന ചെലവ്

972 [1168] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഏഴാം പദ്ധതിയിൽ സംസ്ഥാനത്തിനു ലഭിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് സംസ്ഥാനത്തിന് പ്രതിവർഷം വരുന്ന ചെലവെത്രയാണ്;

(ബി) ഇതിലേക്കായി കേന്ദ്രം നൽകുന്ന സഹായങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഓരോ കോളേജിനും പ്രതിവർഷം ആവർത്തന ചിലവിനായി 10 ലക്ഷം രൂപയും അനാവർത്തന ചെലവിനായി 120 ലക്ഷം രൂപയും വേണ്ടിവരും.

(ബി) സംസ്ഥാന പദ്ധതിയിൻ കീഴിൽ സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടി മൊത്തം വെയ്ക്കുന്ന വിഹിതത്തിൽനിന്നുമാണ് കേന്ദ്ര സഹായം ലഭിക്കുന്നത്. പ്രത്യേകമായ ധനസഹായമില്ല.

ശ്രീമതി പി. കെ. കാർത്ത്യായനിയുടെ പരാതി

973 [1169] ശ്രീ. കെ. കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരുന്നപ്പോൾ തനിക്കർഹമായ പ്രമോഷൻ നൽകുന്നതിൽ കാലതാമസമുണ്ടായതിനെ സംബന്ധിച്ച് ശ്രീമതി പി. കെ. കാർത്ത്യായനി (റിട്ടയേർഡ് ഹെഡ് ക്ലാർക്ക്, പൊതു വിദ്യാഭ്യാസ വകുപ്പ്, വടക്കോട്ടുകുത്ത് വീട്, വള്ളിക്കോട്, പത്തനംതിട്ട ജില്ല) ഗവൺമെൻറിന് എന്തെങ്കിലും പരാതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇതിൻമേൽ വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് വരുത്തി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly